**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കൊല്ലം ജില്ല – തഴവ ഗ്രാമപഞ്ചായത്ത് - പോലീസ് ഔട്ട് പോസ്റ്റ് ഉദ്ഘാടനം - സംഘാടന ചെലവുകൾക്കായി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 2481/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 19/07/2017

---

പരാമർശം:- 1. തഴവ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 25/03/2015 ലെ റ്റി.പി.15 നമ്പർ കത്ത്.

2. പഞ്ചായത്ത് ഡയറക്ടറുടെ 19/10/2016 ലെ ജി1-16632/15 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ തഴവ ഗ്രാമപഞ്ചായത്തിലെ പോലീസ് ഔട്ട് പോസ്റ്റിന്റെ ഉദ്ഘാടന ചെലവിലേയ്ക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് 50,000/- രൂപ ചെലവ് ചെയ്യുന്നതിനുള്ള യഥേഷ്ടാനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചു. പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ടി ചടങ്ങിന്റെ ആവശ്യങ്ങൾക്കായി 39,400/- രൂപയുടെ ചെലവുണ്ടായിട്ടുണ്ടെന്നും ആയത് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ തഴവ ഗ്രാമപഞ്ചായത്തിൽ നടന്ന പോലീസ് ഔട്ട് പോസ്റ്റ് ഉദ്ഘാടന ചെലവിലേയ്ക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് 39,400/- (മുപ്പത്തി ഒൻപതിനായിരത്തി നാന്നൂറ് രൂപ) ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി. ജെ. ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
പ്രസിഡന്റ്, തഴവ ഗ്രാമപഞ്ചായത്ത്, കരുനാഗപ്പള്ളി, കൊല്ലം
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.